## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 963 08.01.2014 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം

ചോദ്യം | ഉത്തരം

**ശ്രീ. എം. ചന്ദ്രൻ**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എപ്രകാരമാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നവീകരിക്കുന്നതിന്റെ ഭാഗമായി 2012-13 സാമ്പത്തിക വർഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തിരം ആരംഭിച്ച പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br>സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിലേയ്ക്കായി കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ആവശ്യമായ കമ്പ്യൂട്ടർ ഹാർഡ്‌വെയർ , സോഫ്ട്‌വെയർ കെസ്വാൻ/ബി.എസ്.എൻ.എൽ മുഖേനയുള്ള നെറ്റ്‌വർക്ക്, ഇ-മെയിൽ, വെബ്സൈറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തിക്കഴിഞ്ഞു. സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സോഫ്ട്‌വെയർ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഡാറ്റാ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചു. |
| (സി) | പ്രസ്തുത നവീകരണത്തിലൂടെ എന്തെല്ലാം ഗുണങ്ങളാണ് ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ അഭിരുചി സൈക്കോമെട്രിക് ടെസ്റ്റ്, ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കണ്ടെത്തി അവരുടെ കഴിവുകളിലുള്ള അഭാവം മനസ്സിലാക്കിക്കൊണ്ട് |

| | | | |
|---|---|---|---|
| | | | അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും, വ്യക്തിത്വ വികസനം, കമ്മ്യൂണിക്കേഷൻ സ്കിൽസ് എന്നിവ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു. ഇപ്രകാരം പരിശീലനം ലഭിക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പൊതുമേഖലാ, സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി സഹകരിച്ചുകൊണ്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും തൊഴിൽ നേടുന്നതിന് സഹായിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ